# Deepika

## 27 August 2018

## Kochi; After Flood, Restoration



### പുനരധിവാസത്തിൽ ആദിവാസികൾക്ക് അവഗണന: എം. ഗീതാനന്ദൻ

കൊച്ചി: പ്രളയത്തിനുശേഷമുള്ള പുനരധിവാസത്തിൽ ആദിവാസി ദളിത് വിഭാഗങ്ങളുടെ പരിരക്ഷയ്ക്കായി സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന് ആദിവാസി ഗോത്രമഹാസഭ കോ ഓർഡിനേറ്റർ എം. ഗീതാനന്ദൻ. ദുരിതാശ്വാസവും പുനരധിവാസവും റവന്യു വകുപ്പിനെയാണ് ഏൽപിച്ചിരിക്കുന്നത്. ദുരിതമേഖലകളിൽ പലയിടത്തും സർക്കാർ സംവിധാനങ്ങൾ പേരിനുപോലും എത്തിയിട്ടില്ലെന്ന് അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു.

പട്ടികവർഗ വകുപ്പ് ഇതുവരെയും ദുരന്തവുമായി ബന്ധപ്പെട്ട് യാതൊരു അന്വേഷണ റിപ്പോർട്ടും തയാറാക്കിയിട്ടില്ല. പല ക്യാമ്പുകളിലും ആദിവാസികളോട് കാണിച്ച വിവേചനം ഭക്ഷ്യധാന്യവിതരണത്തിലും തുടരുകയാണ്. ഇതേക്കുറിച്ചു പഠനം നടത്താൻ ആദിവാസി ആക്ടിവിസ്റ്റുകൾ നേതൃത്വം നൽകുന്ന വസ്തുതാന്വേഷണ സമിതിക്കു രൂപം നൽകും. സെപ്റ്റംബർ 15,16 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ദ്വിദിന ശിൽപശാലയിൽ സമിതിയുടെ നിർദേശങ്ങൾ ചർച്ച ചെയ്യുമെന്നും ഗീതാനന്ദൻ പറഞ്ഞു. ആദിജനസഭ സെക്രട്ടറി സി.ജെ. തങ്കച്ചൻ, പി.ജി. ജനാർദനൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.